നദീതട സംരക്ഷണവും മണൽവാരൽ നിയന്ത്രണവും

11 (*391) ശ്രീ. ടി. പി. രാമകൃഷ്ണൻ :
ശ്രീ. വി. കെ. ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള നദീതട സംരക്ഷണവും മണൽവാരൽ നിയന്ത്രണവും നിയമം സംസ്ഥാനത്ത് നടപ്പിലാക്കിയതുമൂലം നദികളെ സംരക്ഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ ;

(ബി) മണൽവാരൽ രംഗത്ത് അഴിമതിയും മാഫിയാ പ്രവർത്തനങ്ങളും അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(സി) നിയമത്തിലോ ചട്ടങ്ങളിലോ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതു തരത്തിലുള്ള ഭേദഗതികളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് ;

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന മണലിന് എന്തെങ്കിലും നിയന്ത്രണമോ നികുതിയോ ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) :

(എ) 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് നദീതീരം സംരക്ഷിക്കുന്നതുകൊണ്ടും നദികളിൽനിന്ന് മണൽവാരുന്നത് റഗുലേറ്റ് ചെയ്യുന്നതുകൊണ്ടും നദികളെ ഒരു പരിധിവരെ സംരക്ഷിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) അനധികൃത മണൽവാരൽ തടയുന്നതിനായി ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ കർശനമായി പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ജില്ലാ വിദഗ്ദ്ധ സമിതി നിശ്ചയിച്ച അളവ് മണൽമാത്രം നദിയുടെ കരയ്ക്ക് വാരിയിട്ട് ലേലം ചെയ്യുക,കടവിൽ നിന്ന് ലേലം ചെയ്ത് കൊണ്ട് പോകുന്ന മണലിന് പ്രത്യേക പാസ് ഏർപ്പെടുത്തുക, പുഴയിൽ നിന്ന് മണൽ അനധികൃതമായി വാരി കയറ്റാൻ സൗകര്യം ചെയ്യുന്ന വസ്തു ഉടമസ്ഥർക്കെതിരെയും ഇത് വാങ്ങുന്നവർക്കെതിരെയും പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുക, അനധികൃത കടവുകൾ പൂട്ടുക, അനധികൃത മണൽഖനനം തടയുന്നതിനും കേസ് എടുക്കുന്നതിനും മറ്റും പ്രത്യേക പട്രോളിംഗ് സംവിധാനം ഏർപ്പെടുത്തുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അംഗീകരിച്ച വള്ളങ്ങൾ മാത്രം മണൽവാരാൻ ഉപയോഗിക്കുക, അനധികൃതമായി മണൽവാരാനും കയറ്റാനും ഉപയോഗിക്കുന്ന ഉപകരണങ്ങൾ, വള്ളങ്ങൾ, അത്തരം മണൽ കയറ്റിക്കൊണ്ടുപോകുന്ന വള്ളങ്ങൾ, ലോറികൾ, മറ്റ് വാഹനങ്ങൾ എന്നിവ കണ്ടുകെട്ടുക മുതലായവയാണ് പ്രധാനപ്പെട്ടത്.

(ഡി) റവന്യൂവകുപ്പ് ഏർപ്പെടുത്തിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly